# യൂണിറ്റ് -1. കേരള പാഠാവലി - മെമ്മറി പാക്കേജ്

# കാലാതീതം കാവ്യവിസ്മയം(Final touch)

## [From mukulam malayalam: Suresh Areekode]

- **പ്രവേശകം**:കവികളുടെ ഭാഷ -സച്ചിദാനന്ദൻ- കവികൾ ആവിഷ്കരിക്കുന്നത്, വികാരവിചാരങ്ങളാണ് - ഈ വികാരാവിഷ്കാരത്തിന് സാർവ്വലൗകിക സ്വഭാവമുണ്ട്.
- **കാലാതീതം കാവ്യ വിസ്മയം**: രചനാ മികവുകൊണ്ട് /മഹത്തായ കൃതികൾ /ലോകനന്മ ലക്ഷ്യം വെയ്ക്കുന്നു/അതിനാൽ അന്നും ഇന്നും എന്നും വായിക്കപ്പെടുന്നു/ മഹത്തായ കൃതികൾ കാവ്യവിസ്മയങ്ങളാണ് / കാലത്തെ അതിജീവിച്ച് നിലനിൽക്കുന്നു.
- **ലക്ഷ്മണസാന്ത്വനം**:**അധ്യാത്മരാമായണം കിളിപ്പാട്ട്,അയോധ്യാകാണ്ഡം/രാമാഭിഷേക വിഘ്നം സന്ദർഭം.**അഭിസംബോധന -വത്സാ -വാത്സല്യമുള്ളവനേ,സൗമിത്രേ- സുമിത്രാ മാതാവിന്റെ പുത്രാ, കുമാര,കൗമാര പ്രായത്തോടുകൂടിയവനേ / രാജകുമാരനാകയാൽ എടുത്തു ചാട്ടം കൂടും.
- **രാജ്യം,ദേഹം, ലോകം**, ധനധാന്യങ്ങൾ അനിത്യമാണ്, നശ്വരമാണ്, ആനന്ദിക്കാനൊന്നുമില്ല.
- **ഭോഗങ്ങൾ :**- ക്ഷണപ്രഭ (മിന്നൽ) പോലെയാണ്, ആയുസ്സും ക്ഷണികം. ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലത്തുള്ളി പോലെ.
- **ലൗകിക സുഖം തേടുന്ന മനുഷ്യർ:** പാമ്പിന്റെ വായിൽ ഇരയായി വീണ തവളയെപ്പോലെ/ കാലമാകുന്ന പാമ്പിനാൽ വിഴുങ്ങപ്പെട്ട മനുഷ്യർ, ചഞ്ചലമനസ്കർ.
- **ആലയ സംഗമം:** കുടുംബ ജീവിതത്തിന്റെ നശ്വരത - മകൻ കൂട്ടുകാരൻ, ഭാര്യ തുടങ്ങിയ പ്രിയപ്പെട്ടവരോടൊപ്പമുള്ള ജീവിതം അൽപ്പകാലം-സത്രത്തിൽ ഒത്തുകൂടുന്നവരെപ്പോലെ, നദിയിലൂടെ ഒഴുകിയെത്തുന്ന പൊങ്ങുതടികൾ പോലെ - അസ്ഥിരം
- **ധനം, യൗവ്വനം, ഐശ്വര്യം ഇവയൊന്നും ശാശ്വതമല്ല** - അല്പായുസ്സായ കുടുംബ ജീവിതം, സ്വപ്ന സമാനമാണ്
- **ദേഹം നിമിത്തമുള്ള അഹംഭാവം**: ഞാൻ ബ്രാഹ്മണനാണ്/ രാജാവാണ്/ ശ്രേഷ്ഠനാണ് എന്ന് പറഞ്ഞ് അഹങ്കരിക്കുന്നത്.പരിണാമിയായ ദേഹം _ വിസർജ്യമായി പോയേക്കാം,തീയിൽ ചാമ്പലായിത്തീരാം,മണ്ണിൽ ചീഞ്ഞളിഞ്ഞ് കീടങ്ങളാകാം - ദേഹം മൂലമുള്ള അതിമോഹം നന്നല്ല.
- **ശരീരത്തിന്റെ നിസ്സാരത** - പഞ്ചഭൂതത്താൽ നിർമിതം ശരീരം, ശരീരത്തെ വെറുതെ സ്നേഹിക്കുന്നു. നശിച്ചുപോവാനുള്ളത്, പരിണാമി, അസ്ഥിരം, ഒന്നും നേടുന്നില്ല.
- **വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം** :ദേഹാഹങ്കാരം കൊണ്ട് ലോകം ദഹിപ്പിക്കാം എന്ന ചിന്ത അറിവില്ലായ്മയാണ്. ദേഹമാണ് താൻ എന്ന ചിന്ത മോഹത്തെ ജനിപ്പിക്കുന്ന അവിദ്യയാണ്, സംസാരകാരിണിയായത് അവിദ്യയും സംസാരനാശിനിയായതു വിദ്യയും, വിദ്യാഭ്യാസം തിരിച്ചറിവ് പകരുന്നു., മോക്ഷാർഥിയാകാൻ ഏകാന്ത മനസ്സോടെ വിദ്യാഭ്യാസം നേടണം.
- **ക്രോധം-അനർത്ഥങ്ങൾ/ വിനകൾ / ക്രോധം പരിത്യജിക്കേണം:** - ധർമക്ഷയം/ബന്ധു വധം/ മന:സ്താപം/ സംസാര ബന്ധനം/മുക്തി വിഘ്നം.ക്രോധത്തെ കരുതിയിരിക്കണമെന്ന ഉപദേശം -പ്രസക്തി.
- **ചമൽക്കാരഭംഗി :പുത്രമിത്രാർഥകളത്രാദിസംഗമം/ മെത്രയുമൽപ്പകാല സ്ഥിതമോർക്ക നീ........ എത്രയും ചഞ്ചലമാലയ സംഗമം** - ഉപമകൾ - പെരുവഴിയമ്പലത്തിലെ കൂട്ടായ്മകൾ-

അസ്ഥിരം/ യാദൃശ്ചികം/ തുടർച്ചയില്ലാത്തത്. നദിയുടെ വേഗവും കാലാവസ്ഥയും മരക്കഷണങ്ങളെ നിയന്ത്രിക്കുന്നു. ഇതുപോലെ ലോക ജീവിതത്തിലും അസ്ഥിരതയും അനിശ്ചിതത്വവും കാണാം.(സംസാരം-ലോകം,സംസാരം-സംഭാഷണം)

- **വിശകലനക്കുറിപ്പ്: ചക്ഷുശ്ശ്രവണ ഗളസ്ഥമാം ദർദ്ദുരം.... ആലോലചേതസ ഭോഗങ്ങൾ തേടുന്നു** - പാമ്പിന്റെ വായിലകപ്പെട്ടിട്ടും ഭക്ഷണം ആഗ്രഹിക്കുന്ന തവള, മരണം മുന്നിലെത്തിയിട്ടും ജീവിതത്തോടുള്ള ആസക്തി അവസാനിക്കുന്നില്ല.പാമ്പ് പതുക്കെപ്പതുക്കെ വിഴുങ്ങുന്നത് കൊണ്ട് തവള അത് അറിയുന്നില്ല / കാലമാകുന്ന പാമ്പ് (കാലാഹി )മനുഷ്യരെ വിഴുങ്ങുന്നു.മനുഷ്യൻ പാമ്പ് സദൃശ്യകല്പന.
- **എഴുത്തച്ഛൻ ഭാഷാശൈലി :ഭാവ ഗൗരവത്തിന് വേണ്ടി ദീർഘമായ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു** - വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ/ചക്ഷുശ്ശ്രവണഗളസ്ഥമാം ദർദ്ദുരം/പുത്രമിത്രാർഥകളത്രാദിസംഗമം/ ത്വങ്മാംസരക്താസ്ഥിവിൺമൂത്ര രേതസാം /കാമക്രോധലോഭമോഹാദികൾ/ മാതാപിതൃഭ്രാതൃമിത്രസഖികളെ

➢ **വിഭക്തി പ്രത്യയങ്ങളോടുകൂടിയ സംസ്കൃത പദങ്ങൾ ഉപയോഗിക്കുന്നു.**-ബിന്ദു നാ, കാലാഹിന, ചേതസാ, രോഷേണ, നദ്യാ, ദേഹാഭിമാനിനാം, ബ്രഹ്മണോഹം, രേതസാം.

➢ **ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങൾ**-നീ കേൾക്കണം,കേൾക്ക നീ, ഓർക്ക നീ,അറികെടോ,നിരൂപിക്ക ലക്ഷ്മണാ,അറിക നീ,കേൾ

➢ **ദ്വിതീയാക്ഷര പ്രാസം:** വത്സ- മത്സര,നിന്നുടെ _മുന്നമേ, പാന്ഥർ – താന്തർ ,ജന്തു-വെന്തു

- **എഴുത്തച്ഛന്റെ ജീവിത ദർശനം/ തത്വ പ്രബോധനം/ ലളിതമായ ഉദാഹരണം- ഗഹനമായ ആശയം:** ഭൂമിയിൽ ഒന്നും സ്ഥിരമല്ല /സുഖങ്ങൾ ക്ഷണനേരത്തേക്ക് മാത്രം/ ഐശ്വര്യവും യൗവ്വനവും കുടുംബജീവിതവും അൽപ്പകാലത്തേക്ക് /പഞ്ചഭൂതത്താൽ നിർമിതമായ ശരീരം നശിച്ചുപോകാനുള്ളത്/ ശരീരത്തെക്കുറിച്ചുള്ള അഹങ്കാരം അറിവില്ലായ്മയാണ് /സംസാരകാരിണിയായത് അവിദ്യ/ സംസാരനാശിനിയായത് വിദ്യാഭ്യാസവുമാണ്/ മോക്ഷാർത്ഥിയാകാൻ വിദ്യാഭ്യാസം നേടണം/ ക്രോധമാണ് എല്ലാ പ്രശ്നങ്ങൾക്കും ഹേതുവാകുന്നത്/ ക്രോധം പരിത്യജിക്കേണ്ടതാണ്. [**ലളിതമായ ഉദാഹരണം-**ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലത്തുള്ളി,പാമ്പിന്റെ വായിൽ അകപ്പെട്ട തവള, പെരുവഴിയമ്പലത്തിലെ കൂടിച്ചേരൽ, നദിയിലൂടെ ഒഴുകുന്ന പൊങ്ങുതടികൾ,സ്വപ്നതുല്യമായ അവസ്ഥകൾ, പരിണാമിയായ ശരീരത്തിന്റെ അവസ്ഥകൾ]
- **ഭാഷാപരമായ പ്രത്യേകതകൾ:** ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം

  വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം.

  **ദ്വിതിയാക്ഷരപ്രാസം:**( ജന്തു, വെന്തു ),**അന്ത്യാക്ഷര പ്രാസം** ( പോകിലാം, പോയീടിലാം)
- **വിഗ്രഹാർത്ഥങ്ങൾ** – ക്ഷണപ്രഭ പോലെ ചഞ്ചലം, ആലയത്തിലെ സംഗമം, പഞ്ചഭൂതത്താൽ നിർമിതം, കാലമാകുന്ന പാമ്പ്,ധർമ്മത്തിന് ക്ഷയകരം,ദേഹത്താലുള്ള അഭിമാനം, വാത്സല്യത്തിന്റെ പൂരം,സുമിത്രയുടെ പുത്രൻ, ജനകന്റെമകൾ, കാമവുംക്രോധവും ലോഭവുംമോഹവും.

**SURESH AREEKODE,HST (malayalam) contact number:9562521509**
**GHSS AREEKODE,UGRAPURAM,MALAPPURAM,KERALA**
**Visit my youtube: *mukulam malayalam* for more resources and video lessons .email:sbtckr@gmail.com.**